**<u>15 -ാം കേരള നിയമസഭ</u>**

**<u>6 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 451</u>** **<u>24-08-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കൊടുവള്ളി സിറാജ് ഫ്ലൈഓവറിന്റെയും തുരങ്കപാതയുടെയും നിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന കൊടുവള്ളി നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സിറാജ് ഫ്ലൈഓവറിന്റെയും തുരങ്കപാതയുടെയും നിർമ്മാണ പദ്ധതിക്ക് എത്ര തുകയാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി മുഖേന കൊടുവള്ളി നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച സിറാജ് ഫ്ലൈഓവറിന്റേയും അടിപാതയുടേയും നിർമ്മാണ പദ്ധതിക്ക് 20 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. ഇതിന് 53.04 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദീകരിക്കുമോ; | (ബി) | അംഗീകരിച്ച പദ്ധതി പ്രകാരമുള്ള സിറാജ് ഫ്ലൈഓവറിന്റേയും അടിപാതയുടേയും നിർമ്മാണം പ്രായോഗികമല്ലെന്ന് വിലയിരുത്തപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൊടുവള്ളി ജംഗ്ഷൻ വികസനത്തിനായി ആവശ്യമായ സ്ഥലം<br><br>ഏറ്റെടുത്തുകൊണ്ട് പുതുക്കിയ പദ്ധതിയായി നടപ്പിലാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി ബന്ധപ്പെട്ട മുൻസിപാലിറ്റിയിൽ നിന്ന് സ്ഥല ലഭ്യത ഉറപ്പാക്കാനും NH-PWD യിൽ നിന്ന് എൻ.ഒ.സി യും ഭരണ വകുപ്പിൽ നിന്നും പുതുക്കിയ ഭരണാനുമതിയും ലഭ്യമാക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയായ RBDCK ക്ക് 23.06.2022 ലെ കത്ത് പ്രകാരം കിഫ്ബിയിൽ നിന്ന് നിർദ്ദേശം നൽകിയിരുന്നു. ഇത് പ്രകാരം NH-PWD യിൽ നിന്ന് എൻ.ഒ.സി ലഭ്യമാക്കാനുള്ള അപേക്ഷ 21.07.2022 ന് RBDCK NH-PWD യ്ക്ക് നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിക്ക് ബദലായി ഏതെങ്കിലും പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; ഇതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ? | (സി) | അംഗീകരിച്ച പദ്ധതി പ്രകാരമുള്ള സിറാജ് ഫ്ലൈഓവറിന്റേയും അടിപാതയുടേയും നിർമ്മാണം പ്രായോഗികമല്ലെന്ന് വിലയിരുത്തപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൊടുവള്ളി ജംഗ്ഷൻ വികസനത്തിനായി ആവശ്യമായ സ്ഥലം<br><br>ഏറ്റെടുത്തുകൊണ്ട് പുതുക്കിയ പദ്ധതിയായി നടപ്പിലാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി ബന്ധപ്പെട്ട മുൻസിപാലിറ്റിയിൽ നിന്ന് സ്ഥല ലഭ്യത ഉറപ്പാക്കാനും NH-PWD യിൽ നിന്ന് എൻ.ഒ.സി യും |

| | | | |
|---|---|---|---|
| | | | ഭരണ വകുപ്പിൽ നിന്നും പുതുക്കിയ ഭരണാനുമതിയും ലഭ്യമാക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയായ RBDCK ക്ക് 23.06.2022 ലെ കത്ത് പ്രകാരം കിഫ്ബിയിൽ നിന്ന് നിർദ്ദേശം നൽകിയിരുന്നു. ഇത് പ്രകാരം NH-PWD യിൽ നിന്ന് എൻ.ഒ.സി ലഭ്യമാക്കാനുള്ള അപേക്ഷ 21.07.2022 ന് RBDCK NH-PWD യ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ